**തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (മെഡിക്കൽ) നടപടിക്രമം**

വിഷയം:- ആ.വ.ഡ- മാനദണ്ഡ അടിസ്ഥാനത്തിലുള്ള ഡയറ്റീഷ്യൻ തസ്തികയുടെ പൊതുസ്ഥലംമാറ്റം, 2018 - അന്തിമപട്ടിക - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1. ഉത്തരവ് നം.03/2017/ഉ.പ.ഭ.വ തിരുവനന്തപുരം തീയതി, 25/02/2017.
2. സർക്കാർ ഉത്തരവ് (ആർ.ടി) നം.830/2018/ആ.കു.വ തിരു. തീയതി, 12/03/2018.
3. ഉത്തരവ് നം.ഇ.ഇ 6-39274/2018/ആ.വ.ഡ തീയതി, 30/05/2018.

**ഉത്തരവ് നം.ഇ.ഇ 6- 39274/2018/ആ.വ.ഡ തീയതി, 25/06/2018**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് പരിഷ്ക്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്. സ്പാർക്ക് വഴി ഓൺലൈൻ മുഖാന്തിരം അപേക്ഷകൾ സ്വീകരിച്ച് പരാമാർശം (3) പ്രകാരം പ്രസിദ്ധപ്പെടുത്തിയ കരട് ലിസ്റ്റിൻമേലുള്ള ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി ഏഴ് ദിവസം അനുവദിക്കുകയും ആയതിൻപ്രകാരം നിശ്ചിത സമയപരിധിക്കുള്ളിൽ ലഭ്യമായ അപേക്ഷകൾ അംഗീകരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ അന്തിമ പട്ടിക തയ്യാറാക്കി ചുവടെ ചേർത്തിരിക്കുന്ന അനുച്ഛേദം പ്രകാരം ആരോഗ്യവകുപ്പിലെ ഡയറ്റീഷ്യൻ തസ്തികയുടെ സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

സൂചന (3) പ്രകാരമുള്ള കരട് പട്ടികയിൽപെടാതിരിക്കുകയും എന്നാൽ പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്ക് വിധേയമായി ജില്ലകളിൽ 3 വർഷം പൂർത്തീകരിച്ചവരുമായ ജീവനക്കാരിൽ ഈ പരിഷ്ക്കരിച്ച ഉത്തരവ് അനുസരിച്ച് ഉൾപ്പെട്ടിട്ടുള്ളവർ, മുൻപ് അനുവദിക്കപ്പെട്ട സ്ഥാപനത്തിൽനിന്നും മാറ്റപ്പെട്ടവർ എന്നിവർക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അവരവർക്ക് അനുവദിക്കപ്പെട്ടിരിക്കുന്ന സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചശേഷം സ്ഥാപന മേലധികാരി വഴി ഉചിതമാർഗ്ഗേണ പരാമർശം (1) ഉത്തരവ് ഖണ്ഡിക (7) പ്രകാരം ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സെക്രട്ടറി, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ പരാതി നൽകാവുന്നതാണ്. സർക്കാർ തലത്തിലോ വകുപ്പ് തലത്തിലോ പരാതികളിൽ തീരുമാനമെടുക്കുന്നതുവരെ പുതുതായി അനുവദിക്കപ്പെട്ട സ്ഥാപനത്തിൽതന്നെ തുടരേണ്ടതുമാണ്.

ബന്ധപ്പെട്ട സ്ഥാപനമേധാവികൾ അടിയന്തിരമായി ജീവനക്കാരെ വിടുതൽ ചെയ്യേണ്ടതും ഉചിതമായ സ്ഥലങ്ങളിൽ ജോലിയിൽ പ്രവേശിക്കുവാനുള്ള ഉത്തരവ് നൽകേണ്ടതുമാകുന്നു. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ടി. ഉത്തരവിന്റെ പകർപ്പ് വിടുതൽ പ്രവേശന നടപടികൾ ഔദ്യോഗിക രേഖയായി എടുക്കേണ്ടതും വിടുതൽ പ്രവേശന തീയതികൾ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

(ഒപ്പ്)
ഡോ.ബിന്ദുമോഹൻ
ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (മെഡിക്കൽ)

സ്വീകർത്താവ്

ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർ
ബന്ധപ്പെട്ട സ്ഥാപനമേധാവികൾ

പകർപ്പ് : ഫയൽ/സ്റ്റോക്ക് ഫയൽ

// അംഗീകാരത്തോടെ //

സൂപ്രണ്ട്

എ.ജെ.25/06.

**Government of Kerala**
**Department: Helath Services**
**Norms Based General Transfer for Dietician Grade 1**
**Final Rport**

| Sl. No. | PEN | Name | Designation | Office Transfered from | Office Transfered to | Protection if any |
|---|---|---|---|---|---|---|
| Post/Cadre Name: **Dietician Grade 1** | | | | | | |
| 1 | 313986 | Suni K. | Dietician Grade I | General Hospital, Kozhikkode | Mental Health Centre, Kuthiravattom, Kozhikkode | |
| 2 | 338837 | Shanitha Asmi K. | Dietician Grade I | Mental Health Centre, Kuthiravattom, Kozhikkode | General Hospital, Kozhikkode | |

Sd/-

Dr. Bindhu Mohan

**ADDITIONAL DIRECTOR OF HEALTH SERVICES (MEDICAL)**

//Forwarded//

Superintendent